കേരള സർക്കാർ
സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - 2015 ഓണക്കാലത്ത് സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**നികുതി (ജി) വകുപ്പ്**

ജി.ഒ.(എം.എസ്) നം. 150/2015/നി.വ. തിരുവനന്തപുരം, തീയതി: 22/08/2015

---

പരാമർശം - 1) 18.02.2011 ലെ ജി.ഒ.(എം.എസ്) 31/11/നി.വ. സർക്കാർ ഉത്തരവ്.

2) 04.09.2014 തീയതിയിലെ സ.ഉ(സാധാ)720/2014/നി.വ. സർക്കാർ ഉത്തരവ്

3) എക്സൈസ് കമ്മീഷണറുടെ 17.08.2015, ലെ എക്സ്.എ 1/21091/15 നം കത്ത്.

**ഉത്തരവ്**

പരാമർശം (3) ലെ എക്സൈസ്സ് കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അടഞ്ഞു കിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട 1183 ചെത്ത് തൊഴിലാളികൾക്ക് 2500 രൂപയും 718 ഷാപ്പ തൊഴിലാളികൾക്ക് 2000 രൂപയും എന്ന നിരക്കിൽ 2015 ലെ ഓണം പ്രമാണിച്ച് സാമ്പത്തിക സഹായം നൽകുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക, പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം മലപ്പുറം മദ്യ ദുരന്തത്തെ തുടർന്ന് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അടഞ്ഞുകിടന്ന കള്ളുഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം ചെയ്യുന്നതിന് അനുവദിച്ച 50 ലക്ഷം രൂപയിൽ, തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ T.S.B അക്കൗണ്ടിൽ ബാക്കി വന്ന 4,98,000/- രൂപയും, നിലവിൽ എക്സൈസ് കമ്മീഷണറുടെ T.S.B അക്കൗണ്ട് നം.5911 ൽ 2014 ലെ ഓണത്തിന് അടഞ്ഞുകിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള തുകയിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തശേഷം അവശേഷിക്കുന്ന 25,28,000/- രൂപയും ചേർത്ത് നിലവിൽ ആകെ ലഭ്യമായ 30,26,000/- (മുപ്പത് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ മാത്രം) രൂപയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

പ്രസ്തുത ധനസഹായത്തിന് അർഹതയുള്ള തൊഴിലാളികളുടെ ആധികാരികത ചെത്ത്

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ വെൽ

ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.

സർക്കാർമാരുമ

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ഒപ്പ്

ഡോ. ഡബ്ല്യൂ.ആർ. റെഡ്ഡി,

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരളം സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം ; തിരുവനന്തപുരം

ധനകാര്യ വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

5911 Special TSB